നിയമനത്തട്ടിപ്പ് സംബന്ധിച്ച അന്വേഷണങ്ങൾക്ക് പ്രത്യേകം സെൽ

3(*183) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിയമനത്തട്ടിപ്പു സംബന്ധിച്ച അന്വേഷണങ്ങൾക്ക് പോലീസിൽ പ്രത്യേക സെൽ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) പി.എസ്.സി.-യുടെ ചോദ്യപേപ്പർ ചോർച്ചയുമായി ബന്ധപ്പെട്ട് പോലീസിലെ ഏതെങ്കിലും വിഭാഗം അന്വേഷണം നടത്തുന്നുണ്ടോ ; എങ്കിൽ അതു സംബന്ധിച്ച വിശദവിവരം നൽകുമോ ;

(സി) പി. എസ്. സി. മുൻ ചെയർമാന്റെ പ്രൈവറ്റ് സെക്രട്ടറി സബ് ഇൻസ്പെക്ടർ നിയമനത്തിന് കൈക്കൂലി വാങ്ങിയതായി പോലീസിന് പരാതി കിട്ടിയിട്ടുണ്ടോ ; എങ്കിൽ അതിന്മേൽ പോലീസ് സ്വീകരിച്ച നടപടി സംബന്ധിച്ച് വിശദാംശം നൽകുമോ ;

(ഡി) പി. എസ്. സി.-യുമായി ബന്ധപ്പെട്ട പോലീസ് കേസുകളിൽ പി.എസ്.സി.യിൽ നിന്നും വിവരശേഖരണം നടത്തുന്നതിന് സ്വീകരിച്ചുവരുന്ന നടപടിക്രമം വിശദമാക്കുമോ ;

(ഇ) അത്തരം കേസുകളിൽ പി.എസ്.സി.-യിൽ നിന്നും വിവരങ്ങൾ ലഭിക്കുന്നതിനോ അന്വേഷണ നടപടികൾ സ്വീകരിക്കുന്നതിനോ എന്തെങ്കിലും തടസ്സം ഉണ്ടായിട്ടുണ്ടോ ;

(എഫ്) ഇതു സംബന്ധിച്ച് പി.എസ്.സി. ചെയർമാൻ എന്തെങ്കിലും വിയോജിപ്രായം രേഖപ്പെടുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : സർ,

(എ) പ്രത്യേക അന്വേഷണ സംഘത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) ഉണ്ട്. പി.എസ്.സി-യുടെ ചോദ്യപേപ്പർ ചോർച്ചയുമായി ബന്ധപ്പെട്ട് 2 കേസുകൾ കൊല്ലം ജില്ലയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇരവിപുരം പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം നമ്പർ 993/10 U/s 4117(417) 420 IPC, ക്രൈം നമ്പർ 1597/10 U/s 406, 417, 420, 468, 120(B) r/w 34 IPC and Sec. 66 of IT Act എന്നീ കേസുകൾ കൊല്ലം ഡിവൈ.എസ്.പി. അന്വേഷണം നടത്തി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) കെ.പി.എസ്.സി. സെക്രട്ടറിയുടെ ആവശ്യപ്രകാരം വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ സതേൺ റെയ്ഞ്ച് യൂണിറ്റിൽ Vigilance Enquiry 31/03/SRT പ്രകാരം ഇതേക്കുറിച്ച് അന്വേഷണം നടത്തുകയും ഒരാളെ സർവീസിൽ നിന്നും പിരിച്ചു വിടുകയും മറ്റൊരാൾ വിജിലൻസ് ട്രിബ്യൂണലിന്റെ അന്വേഷണം നേരിടുകയുമാണ്.

(ഡി) പി.എസ്.സി.-യുമായി ബന്ധപ്പെട്ട കേസുകളിൽ ആവശ്യമായ വിവരം ലഭ്യമാക്കുന്നതിന് പി.എസ്.സി.-യോട് യൂണിറ്റ് മേധാവി മുഖാന്തരം രേഖാമൂലം വിവരങ്ങൾ ആവശ്യപ്പെടുകയാണ് ചെയ്തുവരുന്നത്.

(ഇ) കെ.പി.എസ്.സി. ഭരണഘടനാ പ്രകാരം പ്രത്യേക പരിഗണന അർഹിക്കുന്ന സ്ഥാപനമായതിനാൽ സാധാരണ നടപടിക്രമങ്ങളിൽ നിന്നും വ്യത്യസ്തമായ നടപടിക്രമങ്ങളാണ് തുടർന്നു വരുന്നത്.

(എഫ്) ഇല്ല.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: സർ, നിയമനത്തട്ടിപ്പുമായി ബന്ധപ്പെട്ട പരാതി സുതാര്യ കേരളത്തിന് അയച്ചപ്പോൾ അത് പ്രധാന പ്രതിയുടെ കയ്യിലെത്തുകയാണുണ്ടായത്. പ്രതികൾക്ക് ഭരണത്തിന്റെ ഉന്നതതലങ്ങളിൽ സ്വാധീനമുണ്ടെന്നാണ് ഇത് കാണിക്കുന്നത്. അപ്പോൾ ഗവൺമെന്റിന്റെ ഏത് ഏജൻസി അന്വേഷിച്ചാലും ആ അന്വേഷണം പ്രതികളാൽ സ്വാധീനിക്കപ്പെടാൻ സാധ്യതയുണ്ട്. അതുകൊണ്ട് ഗവൺമെന്റിന് ആത്മാർത്ഥതയും സത്യം തെളിയിക്കണമെന്ന് ഉദ്ദേശവുമുണ്ടെങ്കിൽ ഏതെങ്കിലും കേന്ദ്ര ഏജൻസിയെ ഇതിന്റെ അന്വേഷണം ഏൽപ്പിക്കുമോ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, എല്ലാ വിഷയങ്ങളും ഏൽപ്പിക്കാൻ കേന്ദ്ര ഏജൻസി മതിയെന്ന് പറഞ്ഞാൽ ഒരു സംസ്ഥാനമന്ത്രിസഭയുടെ വേണ്ടായെന്ന് തീരുമാനിക്കുന്നതല്ലേ നല്ലത്. ഇവിടെനിന്ന് അന്വേഷിച്ച് കണ്ടുപിടിക്കാൻ കഴിയാത്ത പ്രശ്നങ്ങളൊന്നും ഇതിനകത്ത് ഉണ്ടായിട്ടില്ല. വയനാട് നിയമന തട്ടിപ്പുമായി ബന്ധപ്പെട്ട് 16 പേരെ അറസ്റ്റുചെയ്ത് ജയിലിലടച്ച ഗവൺമെന്റാണ് ഈ ഗവൺമെന്റ്. അവിടുത്തെ ജില്ലാ കളക്ടർ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥൻമാരെ സർവ്വീസിൽനിന്ന് സസ്പെൻഡ് ചെയ്തു. നിയമനത്തട്ടിപ്പുമായി ബന്ധപ്പെട്ട് ആരൊക്കെ ഇടപെട്ടിട്ടുണ്ടോ അവരുടെയെല്ലാം പേരിൽ നിയമാനുസൃതമായ നടപടി ഇവിടത്തെന്നെ സ്വീകരിക്കാൻ സാധിക്കുമെന്ന് ഇതിനകം തെളിയിച്ച് കഴിഞ്ഞിട്ടുണ്ട്. അതുകൊണ്ട് ഒരു കേന്ദ്ര ഏജൻസിയുടെ അന്വേഷണം ഈ പ്രശ്നത്തിൽ ഇപ്പോൾ ആവശ്യമുണ്ടെന്ന് തോന്നുന്നില്ല.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: സർ, ഒറ്റയാളേയും അങ്ങോട്ടുപോയി പിടിച്ചിട്ടില്ല, കീഴടങ്ങിയതാണ്. ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യാതെ പൂഴ്ത്തിവച്ച് റാങ്ക് ഹോൾഡർമാരിൽനിന്ന് കൈക്കൂലി വാങ്ങിയശേഷം ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്ന ചില വകുപ്പ് മേധാവികളുടെ പ്രവൃത്തികളെ സംബന്ധിച്ച് എന്തെങ്കിലും പരാതികൾ കിട്ടിയിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട പരാതികൾ തൊഴിൽ വാർത്തകളിൽ വന്നതിനെക്കുറിച്ച് അന്വേഷിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, അങ്ങനെ അഴിമതിയുമായി ബന്ധപ്പെട്ട് അത്തരം നിലപാട് സ്വീകരിക്കുന്ന ഏതെങ്കിലും വകുപ്പുമേധാവി ഉണ്ടെങ്കിൽ ആ വകുപ്പുമേധാവിയെ ഗവൺമെന്റ് പിരിച്ചുവിടും.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : സർ, നിയമനത്തട്ടിപ്പുമായി ബന്ധപ്പെട്ട പരാതികൾ വിവിധ ജില്ലകളിൽനിന്ന് വന്ന സ്ഥിതിക്ക് ഓരോ ജില്ലയും കേന്ദ്രീകരിച്ച് അന്വേഷണത്തിനുള്ള സംവിധാനങ്ങൾ ഏർപ്പാട് ചെയ്ത് മോണിറ്ററിംഗ് നടത്തുന്നതിനും കോ-ഓർഡിനേഷനുമൊക്കെയായി എ.ഡി.ജി.പി. റാങ്കിൽ കുറയാത്ത റാങ്കിലുള്ള ഒരു ഉദ്യോഗസ്ഥനെ സംസ്ഥാനതലത്തിൽ നിയമിച്ച് ജനങ്ങൾ വിശ്വസിക്കുന്ന ഒരന്വേഷണമാക്കി മാറ്റാൻ ഗവൺമെന്റ് പ്രത്യേകം ശ്രദ്ധിക്കുമോ ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ഈ പ്രത്യേക കേസ് അന്വേഷിക്കുന്നതിനുവേണ്ടി ലോക്കൽ പോലീസും ക്രൈം ബ്രാഞ്ചിലെ ഉദ്യോഗസ്ഥരുമടങ്ങുന്ന ഒരു സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം രൂപീകരിച്ചിട്ടുണ്ട്. അത് മേൽനോട്ടം വഹിക്കുന്നത് എ.ഡി.ജി.പി. തന്നെയാണ്. തുടർന്നും ഇതിന്റെ അന്വേഷണത്തിന് മേൽനോട്ടം വഹിക്കാൻ അദ്ദേഹത്തിന് നിർദ്ദേശം കൊടുക്കാം.

ശ്രീ. പി. കെ. അബ്ദു റബ്ബ് : സർ, ഇതിലുള്ള ഉത്തരം (സി)-യിൽ പി.എസ്.സി. മുൻചെയർമാന്റെ പ്രൈവറ്റ് സെക്രട്ടറി സബ്-ഇൻസ്പെക്ടർ നിയമനത്തിന് കൈക്കൂലി വാങ്ങിയത് സംബന്ധിച്ച് പറഞ്ഞപ്പോൾ അതിലൊരാളെ സർവ്വീസിൽനിന്ന് പിരിച്ചുവിടുമെന്ന് പറഞ്ഞു. പിരിച്ചുവിട്ടോ ; അത് ചെയർമാന്റെ പ്രൈവറ്റ് സെക്രട്ടറിതന്നെയാണോ ; അദ്ദേഹത്തിന്റെ പേര് വ്യക്തമാക്കാമോ ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, മുൻ പി.എസ്.സി. ചെയർമാന്റെ പ്രൈവറ്റ് സെക്രട്ടറിയുടെ പേര് ശ്രീ. രവി എന്നായിരുന്നു. പി.എസ്.സി. ചെയർമാന്റെ പ്രൈവറ്റ് സെക്രട്ടറിയെ നിശ്ചയിക്കുന്നത് മന്ത്രിമാർ പ്രൈവറ്റ് സെക്രട്ടറിയെ നിശ്ചയിക്കുന്നത് പോലെയല്ല. പി.എസ്.സി. ചെയർമാൻ ആരായാലും പി.എസ്.സി.-യിൽ തന്നെ അവിടുത്തെ ഡിപ്പാർട്ടുമെന്റൽ സീനിയോറിറ്റിയനുസരിച്ച് വരുന്ന ആളാണ്, പി.എസ്.സി. ചെയർമാൻ ആരായാലും സെക്രട്ടറിയായി മാറുന്നത്. അങ്ങനെ വന്ന സെക്രട്ടറിയാണ് ശ്രീ. രവി. ഇതുസംബന്ധിച്ചുവന്ന പരാതിയെ അടിസ്ഥാനമാക്കി പി.എസ്.സി. വിജിലൻസുതന്നെ അന്വേഷണം നടത്തിയതിന്റെ അടിസ്ഥാനത്തിൽ ഇദ്ദേഹത്തെ ആദ്യം സസ്പെൻഡ് ചെയ്തു. ഇപ്പോൾ സർവ്വീസിൽനിന്ന് പിരിച്ചുവിടുന്ന നടപടിയും സ്വീകരിക്കുകയുണ്ടായി. മറ്റൊരാളുടെ പേരിൽ ഇതുമായി ബന്ധപ്പെട്ട് വിജിലൻസ് എൻക്വയറി നടത്തി. തുടർനടപടി സ്വീകരിക്കാൻ വിജിലൻസ് ട്രിബ്യൂണലിന്റെ മുമ്പിൽ വരണമെന്ന് പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് ട്രിബ്യൂണലിന് വിടുകയും ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : സർ, എസ്.ഐ. തസ്തികയിലേയ്ക്ക് കഴിഞ്ഞ ആഗസ്റ്റിൽ പരീക്ഷ നടക്കുകയുണ്ടായി. എന്നാൽ കേവലം 13 ഒഴിവുകൾ മാത്രമാണ് പി.എസ്.സി.-യിലേക്ക് റിപ്പോർട്ട് ചെയ്തതെന്നാണ് കഴിഞ്ഞ നവംബർ 18-ന് വിവരാവകാശ നിയമംവഴി നൽകിയ ചോദ്യത്തിന് പി.എസ്.സി. നൽകിയ മറുപടി. വ്യാപകമായി നടത്തുന്ന നിയമനത്തട്ടിപ്പിനിടം നൽകാതെ യഥാർത്ഥ ഒഴിവുകൾ പി.എസ്.സി.-യിലേക്ക് റിപ്പോർട്ട് ചെയ്യാൻ ആഭ്യന്തര വകുപ്പിന് നിർദ്ദേശം നൽകുമോ ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, എല്ലാ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തുകൊണ്ട് സമയബന്ധിതമായി നിയമനങ്ങൾ പൂർത്തീകരിക്കണമെന്നതാണ് ഗവൺമെന്റിന്റെ സമീപനം. ഏതെങ്കിലും ഡിപ്പാർട്ടുമെന്റ് തലവൻമാർ തെറ്റായി ഇത്തരം കാര്യങ്ങൾ കൈകാര്യം ചെയ്യുന്നുണ്ടെങ്കിൽ കർശനമായി നടപടി സ്വീകരിക്കുന്നതായിരിക്കും.

ശ്രീ. ജോസഫ് എം. പുതുശ്ശേരി : സർ, നിയമനത്തട്ടിപ്പുമായി ബന്ധപ്പെട്ട കാര്യങ്ങളെക്കുറിച്ച് ഇവിടെ വിശദമായി സൂചിപ്പിച്ചു. അതേ അവസരത്തിൽ തന്നെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി മാത്രമേ നിയമനങ്ങൾ പാടുള്ളുവെന്ന നിബന്ധന നിലവിലിരിക്കെ പൊതുമേഖലാ സ്ഥാപനങ്ങളിലടക്കം ധാരാളം പിൻവാതിൽ നിയമനങ്ങൾ നടക്കുന്നതായി നിരവധി പത്ര റിപ്പോർട്ടുകൾ പുറത്തുവന്നിട്ടുണ്ട്. നിയമനത്തട്ടിപ്പുമായി ബന്ധപ്പെട്ട് നടക്കുന്ന അന്വേഷണം പിൻവാതിൽ നിയമനങ്ങളെക്കുറിച്ചുകൂടി അന്വേഷിക്കാൻ തയ്യാറാകുമോ ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ഇപ്പോൾ കൂടുതൽ നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷന് വിട്ടുകൊണ്ടിരിക്കുകയാണ്. യൂണിവേഴ്സിറ്റി നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടണമെന്നുള്ളത് വളരെക്കാലമായിട്ടുള്ള പ്രശ്നമായിരുന്നു. അത് അംഗീകരിച്ച ഗവൺമെന്റാണ് ഈ ഗവൺമെന്റ്. എല്ലാ സർവ്വകലാശാലകളുടെ നിയമനങ്ങളും അനദ്ധ്യാപക നിയമനങ്ങളും പി.എസ്.സി.-ക്ക് വിട്ടുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചുകഴിഞ്ഞു. ഇനിയും കൂടുതൽ മേഖലകളിലെ നിയമനം പി.എസ്.സി.-ക്ക് വിടണമെന്നതാണ് ഗവൺമെന്റ് തീരുമാനം. ഇതുവരെ പി.എസ്.സി.-ക്ക് വിടാത്ത പോലീസിലെ ഡ്രൈവർ പോസ്റ്റ് ഉൾപ്പെടെയുള്ള മറ്റെല്ലാ നിയമനങ്ങളും പബ്ലിക് സർവ്വീസ് കമ്മീഷന് വിടുന്നതായിരിക്കും. പി.എസ്.സി. .വഴിയോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു വഴിയോ നിയമനം നടത്തണമെന്നുള്ളതാണ് സർക്കാരിന്റെ സമീപനം. പിൻവാതിലിൽക്കൂടി നിയമിക്കുന്ന പരിപാടി ഈ ഗവൺമെന്റിനില്ല. മുൻവാതിലിൽക്കൂടി മാത്രമേ നിയമനമുള്ളൂ. അതുകൊണ്ട് തെറ്റായിട്ടുള്ള യാതൊരു കാര്യവും ഈ ഗവൺമെന്റ് ചെയ്യില്ലായെന്നാണ് എനിക്ക് വ്യക്തമാക്കാനുള്ളത്.